പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1562 02/07/2015-ൽ മറുപടിയ്ക്ക്

## കോഴിക്കോട് ജില്ലയിലെ പ്രസിഷൻ ഫാമിംഗ്/പോളിഹൗസുകൾ

ചോദ്യം

**ശ്രീ.പുരുഷൻ കടലുണ്ടി**

മറുപടി

**ശ്രീ . കെ.പി.മോഹനൻ**
**(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)**

എ) പ്രസിഷൻ ഫാമിംഗ്/പോളിഹൗസുകൾ എന്നിവ പ്രയോജനപ്പെടുത്തി ആധുനിക രീതിയിൽ കൃഷിചെയ്യുന്നതിന് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കോഴിക്കോട് ജില്ലയിൽ എത്ര പേർക്ക് എത്ര രൂപ വീതം ധനസഹായം നൽകിയെന്ന് വ്യക്തമാക്കാമോ;

എ) കോഴിക്കോട് ജില്ലയിൽ തുറസായ സ്ഥലത്ത് കൃത്യതാ കൃഷി നടപ്പിലാക്കുന്നില്ല. പോളി ഹൗസുകളിൽ കൃഷി ചെയ്തു വന്നിരുന്ന കൃഷിക്കാർക്ക് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ നല്കിയ ധനസഹായത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കർഷകന്റെ പേര് | നല്കിയ ധനസഹായം |
|---|---|---|
| 1. | സുലോചന.പി | 280500/- രൂപ |
| 2. | വി.എൻ മുഹമ്മദ് | 70125/- രൂപ |
| 3. | തോമസ് കട്ടകയം | 280500/- രൂപ |
| 4. | മുഷ്താക്ക്.ടി.പി | 280500/- രൂപ |
| 5. | ജോസഫ് മണിമല | 841500/- രൂപ |
| 6. | ഷിംജിത്ത് | 785400/- രൂപ |
| 7. | വേലായുധൻ | 140250/- രൂപ |
| 8. | ഷാഹിദ | 145860/- രൂപ |
| 9. | സെക്രട്ടറി, ചക്കിട്ടപാറ കോ.ഓപ്പറേറ്റീവ് സഹകരണ ബാങ്ക് | 318000/- രൂപ |
| | **ആകെ** | **3142635/-** |

ബി) കുടുംബശ്രീ/സ്വാശ്രയസംഘങ്ങൾക്ക് പ്രസ്തുത ഇനത്തിൽ ധനസഹായം നൽകുന്നുണ്ടോ;

ബി) സർവ്വീസ് സഹകരണ ബാങ്കുകൾ (കരുവണ്ണൂരുത്തി, ചക്കിട്ടപാറ, ഏറാമല, പേരാമ്പ്ര വനിതാ സഹകരണ

ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കാമോ;

ബാങ്ക്, വേങ്ങേരി Agrico (സഹകരണ കാർഷികോല്പാദന വിപണന സംസ്കരണ സംഘം) NADCO (പൊറ്റമ്മൽ) എന്നിവയ്ക്ക് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ (എസ്.എച്ച്.എം) അംഗീകരിച്ച പ്രത്യേക പദ്ധതി പ്രകാരം പോളീ ഹൗസുകൾ (വിവിധ വിസ്തൃതിയിൽ) അനുവദിച്ചിട്ടുണ്ട്. ഇവയുടെ പ്രവർത്തനം പൂർത്തിയാക്കുന്ന മുറയ്ക്ക് ധനസഹായം നല്കുന്നതാണ്.

സി) പ്രസിഷൻ ഫാമിംഗിന് നൽകിവരുന്ന സഹായങ്ങൾ എന്തൊക്കെയാണ്;

സി) കോഴിക്കോട് ജില്ലയിൽ പ്രിസിഷൻ ഫാമിംഗ് പദ്ധതി നടപ്പിലാക്കുന്നില്ല.

ഡി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ?

ഡി)

- പോളീ ഹൗസ് നിർമ്മിക്കാൻ അനുയോജ്യമായ കൈവശ ഭൂമിയുടെ ലഭ്യത (നീർവാർച്ച സൗകര്യം, തുറസായതും നിരപ്പായതുമായ ഭൂമി, ജലസേചന സൗകര്യം തുടങ്ങിയവ).
- പോളീ ഹൗസ് നിർമ്മാണത്തിനും തുടർന്നുള്ള സാങ്കേതിക ശാസ്ത്രീയ കൃഷിക്കും വേണ്ട പരിശീലനങ്ങൾ നേടാനുള്ള സന്നദ്ധത, പുരോഗമന ആശയങ്ങൾ ഉൾക്കൊള്ളാനും പരീക്ഷണങ്ങളിലൂടെ പ്രശ്നങ്ങൾ പരിഹരിച്ച് കൂടെയുള്ള കർഷകരെ ഏകോപിപ്പിച്ച് വിജ്ഞാന വ്യാപനം ചെയ്യാനുള്ള സന്നദ്ധത അനിവാര്യം.
- പോളീ ഹൗസ് വിസ്തൃതിക്ക് അനുസരിച്ച് 50-75 ശതമാനം വരെ ധനസഹായം അനുവദിക്കുന്നത് പൂർണ്ണമായും പ്രവർത്തനക്ഷമമായ പോളീ ഹൗസുകൾക്കാണ്.

സ്വന്തം സാമ്പത്തിക സ്രോതസ്സും, വായ്പയും സ്വരൂപിച്ച് മൂല്യനിർണ്ണയ ഘട്ടം പൂർത്തിയാക്കാനുള്ള ധനശേഷിയും കർഷകനു ആവശ്യമാണ്.

**സെക്ഷൻ ഓഫീസർ**